# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2058 — 19.06.2012-ൽ മറുപടിയ്ക്ക്

### വൃക്ഷവത്ക്കരണ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>,, എ. എം. ആരിഫ്<br>,, പുരുഷൻ കടലുണ്ടി<br>,, റ്റി. വി. രാജേഷ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) കഴിഞ്ഞ ലോക പരിസ്ഥിതി ദിനത്തിൽ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ട വൃക്ഷവത്ക്കരണ പരിപാടിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ) ജൂൺ 5 ന് ലോകപരിസ്ഥിതി ദിനത്തിൽ ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ട ഹരിത കേരളം നാലാംഘട്ട പദ്ധതി സ്കൂളുകൾ, കോളേജുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മത സ്ഥാപനങ്ങൾ, പത്ര മാധ്യമങ്ങൾ, സാമൂഹ്യ സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, സർക്കാരിതര സംഘടനകൾ, എൻ.എസ്.എസ്, എൻ.സി.സി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ് എന്നിവർ വഴി തൈ വിതരണം നടത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ഈ പദ്ധതി പ്രകാരം ഈ വർഷം 84.3 ലക്ഷം തൈകൾ നട്ടു വളർത്തുന്നതിനായി വിതരണം ചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ട്. |
| ബി) സംസ്ഥാനതല ഉദ്ഘാടന വേദിയിൽ നിന്ന് കവയത്രി സുഗതകുമാരി ഇറങ്ങിപ്പോകാനിടയായ സാഹചര്യം എന്തായിരുന്നു ; | ബി) മറ്റൊരു യോഗത്തിൽ പങ്കെടുക്കുവാൻ പോയതായിട്ടാണറിവ്. |
| സി) ഉദ്ഘാടന പ്രസംഗത്തിൽ കവയത്രി സുഗതകുമാരിക്ക് പിന്നിലുള്ളത് കപട പരിസ്ഥിതി വാദികളാണെന്ന് മന്ത്രി പരാമർശിക്കുകയുണ്ടായോ ; | സി) ഇല്ല. പിന്നിൽ നിൽക്കുന്നവരിൽ ചില കപട പരിസ്ഥിതി വാദികളുമുണ്ടന്നു പറഞ്ഞിട്ടുണ്ട്. |

ഡി) വൃക്ഷവത്ക്കരണ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്താകെ എത്ര വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കാനാണുദ്ദേശിച്ചിരിക്കുന്നത് ;
ഇതിനകം വച്ചുപിടിപ്പിച്ചവ എത്ര ?

ഡി) വൃക്ഷവത്ക്കരണത്തിന് സംസ്ഥാനത്തൊട്ടാകെ 84.3 ലക്ഷം തൈകൾ നട്ടുപിടിപ്പിക്കാനായി വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനകം 50.29 ലക്ഷം തൈകൾ വിതരണം ചെയ്തു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ